**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1291** — **05.03.2020-ൽ മറുപടിക്ക്**

# മത്സ്യബന്ധന തുറമുഖ വികസനം

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഈ സർക്കാർ ഇതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) | മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഈ സർക്കാർ ഇതുവരെ വിവിധ സ്കീമുകൾ വഴി നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2020 ൽ ഏതെങ്കിലും പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | 2020-ൽ സംസ്ഥാനത്തെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി 112.22 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി ലഭിച്ചു. പദ്ധതിയുടെ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>• ചെത്തി മത്സ്യബന്ധനതുറമുഖത്തിന്റെ 97.44 കോടി രൂപയുടെ വികസന പദ്ധതിയ്ക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങളുടെ ഭാഗമായി ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വെ, പ്രീമൺസൂൺ - മൺസൂൺ - പോസ്റ്റ്മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രഫിക് സർവ്വെയും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഈ സർക്കാർ ഇതുവരെ വിവിധ സ്കീമുകൾ വഴി നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ വിശദാംശങ്ങൾ.**

- തൃശ്ശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധനതുറമുഖം (30.24 കോടി രൂപ ) 25/02/2019-ന് കമ്മീഷൻ ചെയ്തു.
- കണ്ണൂർ ജില്ലയിലെ തലായി മത്സ്യബന്ധനതുറമുഖം (34.79 കോടി രൂപ) 18/05/2018-ന കമ്മീഷൻ ചെയ്തു.
- കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മത്സ്യബന്ധനതുറമുഖം (63.99 കോടി രൂപ) നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മത്സ്യബന്ധനതുറമുഖം (48.80 കോടി രൂപ) പൂർത്തീകരണഘട്ടത്തിലാണ്.
- തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഹാർബറിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രഡ്ജിംഗ് എന്നിവ പൂർത്തിയായിട്ടുണ്ട്.
- അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ നിർമാണ പ്രവർത്തിക്ക് 49.39 കോടി രൂപ കേന്ദ്ര സഹായം ലഭിക്കാത്തതിനെ തുടർന്ന് ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ട്.
- ഓഖി പാക്കേജിൽ നീണ്ടകര (5.11 കോടി), കായംകുളം (8.44 കോടി), തോട്ടപ്പള്ളി (13.38 കോടി), മുനമ്പം (10.57 കോടി), കാസർഗോഡ് (17.20 കോടി) എന്നീ മത്സ്യബന്ധനതുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് 54.70 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി, കായംകുളം മത്സ്യബന്ധനതുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തി, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് നടപടി പൂർത്തീകരിച്ചുവരുന്നു.
- ചെല്ലാനം (10.37 കോടി), തങ്കശ്ശേരി (6.25 കോടി) , വെള്ളയിൽ (6.50 കോടി), പുതിയാപ്പ (6.50 കോടി) എന്നീ മത്സ്യബന്ധനതുറമുഖങ്ങളുടെ അടിസ്ഥാന വികസന പദ്ധതികൾക്കായി NABARD RIDF- XXIII-ൽ 25.37 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
- താനൂർ മത്സ്യബന്ധനതുറമുഖം (14.86 കോടി), വെള്ളയിൽ മത്സ്യബന്ധനതുറമുഖം (22.33 കോടി) എന്നിവയുടെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, NABARD RIDF- XXV-ൽ ഭരണാനുമതി ലഭ്യമാക്കി. പ്രവൃത്തികളുടെ പ്രീക്വാളിഫിക്കേഷൻ ദർഘാസ് നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ